# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 366**

**നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.**

കർത്താവിൽ വാത്സല്യമുള്ളവരെ,

COVID-19 എന്ന മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി അനിശ്ചിതമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ ഈ കാലഘട്ടത്തിലെ നമ്മുടെ ഇടവകകളുടെയും സംഘടനകളുടെയും അംഗീകൃത സ്ഥാപനങ്ങളിലേയും സാമ്പത്തിക നിലയെ സംബന്ധിച്ചുള്ള താഴെപ്പറയുന്ന കാര്യങ്ങൾ നാം അവലോകനം ചെയ്യേണ്ടതാണ്.

1. 2020 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ COVID-19 പശ്ചാത്തലത്തിലുണ്ടായ lock-down മൂലവും, ഗവൺമെന്റുകൾ പ്രഖ്യാപിച്ച നിരോധനാജ്ഞ (144) മൂലവും ആരാധനകൾ നടത്തുന്നതിനു നമുക്ക് തടസ്സം നേരിട്ടു. പരസ്യാരാധന, വിശുദ്ധ കുർബാന, വിശുദ്ധ മാമോദീസാ, വിശുദ്ധ വിവാഹം ആദിയായ എല്ലാ കൂദാശകളിലും കൂടിയുള്ള വരുമാനങ്ങൾ ഇല്ലാതെയായി. മാത്രമല്ല മാസവരി, പിടിയരി മുതലായ പിരിവുകളും, ഇതര സംഭാവനകളും ലഭിക്കുന്നതിനുള്ള തടസ്സങ്ങളും ഉളവായി. സുപ്രധാനമായ ചില സ്തോത്രകാഴ്ച്ചകളും ധനശേഖരണങ്ങളും നടത്തുവാൻതന്നെ സാധിക്കാതെ പോയി. മാർത്തോമ്മാ വൈദീക സെമിനാരിക്കു വേണ്ടി വേർതിരിച്ചിരിക്കുന്ന ഹോശനാ ഞായർ സ്തോത്രകാഴ്ച്ച, മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ ബാഹ്യകേരള മിഷനു വേണ്ടി വേർതിരിച്ചിരിക്കുന്ന ഉപോഷണവാര ധർമ്മശേഖരണം, റസ്സീസാ, അഗതി മന്ദിരങ്ങൾക്കു വേണ്ടി വേർതിരിച്ചിരിക്കുന്ന ദു:ഖ വെള്ളി സ്തോത്രകാഴ്ച്ച ആദിയായ പ്രത്യേക സ്തോത്രകാഴ്ച്ചകൾ ലഭ്യമല്ലാതെ പോയപ്പോൾ ഉദ്ഭവിച്ചിരിക്കുന്ന സാമ്പത്തികനില ഈസ്റ്റർ കഴിഞ്ഞതിനു ശേഷവും മേൽപ്പറഞ്ഞ കൂദാശകളും ആരാധനകളും തുടരുവാൻ നിർവാഹമില്ലാത്തതിനാലും ഗവൺമെന്റ് പ്രഖ്യാപിച്ച lock-down അനിശ്ചിതമായി നീളുന്നതിനാലും നിലവിലിരിക്കുന്ന അവസ്ഥാ വിശേഷത്താൽ ഉളവാകാവുന്ന സാഹചര്യങ്ങൾ പരിഗണിക്കേണ്ടതാണ്.
2. Lock-down മൂലം ഭവനങ്ങളിൽ തന്നെ ജനങ്ങൾ ഇരിക്കേണ്ട സാഹചര്യം വന്നതിനാൽ ഓരോ കുടുംബത്തിനും ഉള്ള സാമ്പത്തിക വരുമാനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർ വാഗ്ദാനം ചെയ്തതായ മാസവരി മുതലായ ഇടവക സന്ധാരണപിരിവുകൾ കൊടുക്കുവാൻ നിർവാഹമില്ലാത്ത അവസ്ഥയിൽ അവ ഇടവക ഓഫീസുകളിൽ എത്തിക്കുന്നതിനു lock-down മൂലമുണ്ടായ പ്രയാസവും ഇടവകകളുടെ വരുമാനത്തിനുതന്നെ ആഘാതം സൃഷ്ടിച്ചു.
3. സഭയുടെയും ഇടവകകളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ lock-down മൂലം പ്രവർത്തനരഹിതമായതിനാൽ മാർച്ച്, ഏപ്രിൽ മാസത്തിൽ വാടക നല്കേണ്ടതില്ലെന്ന ഒരു ഗവൺമെന്റ് നിർദ്ദേശവും ഉളവായി. ആ നിർദ്ദേശം lock-down കാലാവധി കഴിയുന്നതുവരെയും തുടരുവാൻ സാധ്യതയുണ്ട്.
4. പലർക്കും തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടതു മൂലം വരുമാനമില്ലാതെ കുടുംബ കാര്യങ്ങൾ നിർവഹിച്ചു കൊണ്ടു പോകുന്നതിനുള്ള പ്രയാസം സാധാരണക്കാരിൽ വളരെ രൂക്ഷമാണ്.
5. സർക്കാർ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തനരഹിതമായതിനാൽ ശമ്പളം ലഭ്യമാകുന്നതിനുള്ള കാലതാമസവും, ലഭ്യമാകാതിരിപ്പാനുമുള്ള സാധ്യതയും ആശങ്കകൾ വളർത്തുന്നു. വരുമാനമില്ലാത്ത ഭവനങ്ങളായി നമ്മുടെ കുടുംബങ്ങൾ രൂപപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇടവകകളുടേയും സഭയുടെ സ്ഥാപനങ്ങളുടെയും ചിലവുകൾ പരിമിതപ്പെടുത്തേണ്ടത് ഏറ്റവും ആവശ്യമാണ്. ഈ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു:
   i. ഇടവക വികാരിയുടെയും ഇടവക ജീവനക്കാരുടെയും ശമ്പളം ഒഴിച്ചുള്ളതായ വികസന പരിപാടികളൊക്കെയും lock-down കാലഘട്ടത്തിൽ നിർത്തി വയ്ക്കുക.
   ii. പ്രോജക്റ്റുകൾ തൽക്കാലം മരവിപ്പിക്കുക.
   iii. നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുക.
   iv. Lock-down കാലഘട്ടത്തിൽ ഗവൺമെന്റ് നല്കുന്ന നിർദേശങ്ങൾ അക്ഷരംപ്രതി പാലിപ്പാൻ പ്രതിജ്ഞ ചെയ്യുക.

v. വരും മാസങ്ങളിലും ഈ സാമ്പത്തിക പ്രതിസന്ധി ഭവന ബഡ്ജറ്റിന്റെയും ഇടവക ബഡ്ജറ്റിന്റെയും മേൽ നിയന്ത്രണം വരുത്തും. എന്നാൽ ഈ പ്രതിസന്ധിയിൽ അത്യാവശ്യ കാര്യങ്ങൾക്കായാലും ബഡ്ജറ്റിൽ നിന്നും തുകകൾ വക മാറ്റി ചിലവഴിക്കാതിരിപ്പാൻ ശ്രദ്ധിക്കണം.

vi. Enodowment-കളും നിശ്ചിത കാര്യങ്ങൾക്ക് വേണ്ടി വേർതിരിച്ചിരിക്കുന്ന ഫിക്സഡ് ഡിപ്പോസിറ്റുകളും നിയമാനുസരണമുള്ള തീരുമാനമില്ലാതെ liquidate ചെയ്യാൻ പാടില്ല.

vii. 2020 മാർച്ച് 31 വരെയുള്ള ഇടവകയുടെ ഫണ്ടിൽ നിന്നും ആ കാലഘട്ടം വരെ അതാത് സ്ഥാപനങ്ങൾക്കും സഭയിലേക്കും അടയ്ക്കുവാനുള്ള തുകകൾക്ക് മുൻഗണന നൽകുക. അതായത്, സ്തോത്രകാഴ്ച്ച, നിത്യചിലവ്, റസ്സീസാ ആദിയായി സഭാ ഓഫീസിലും ഭദ്രാസന ഓഫീസിലും അടയ്ക്കേണ്ടതായ ബഡ്ജറ്റ് ചെയ്തിരുന്നവയിൽ ലഭ്യമായ തുക അയച്ചുകൊടുക്കുവാൻ ശ്രദ്ധിക്കുക.

viii. പണം അയയ്ക്കുന്നതിനു പ്രയാസം ഉള്ളതുകൊണ്ടു സഭാ ഓഫീസിലും ഭദ്രാസന ഓഫീസിലും അംഗീകൃത സ്ഥാപനങ്ങളുടെ ഓഫീസിലും ഓൺലൈനായി അയച്ചു കൊടുക്കുന്നതിനു ശ്രദ്ധിക്കണം. [*ഇന്ത്യയിലുള്ള ഇടവകകൾക്കോ സ്ഥാപനങ്ങൾക്കോ സഭയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ആവശ്യമെങ്കിൽ സഭാ സെക്രട്ടറിയോട് accountsdept@marthoma.in എന്ന ഈമെയിലിലോ സഭാ സെക്രട്ടറിയുടെ ഔദ്യോഗിക വാട്ട്സാപ്പ് നമ്പർ ആയ +919497886080 ൽ INDACC എന്ന് ടൈപ്പ് ചെയ്ത് ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. വിദേശത്ത് നിന്നുള്ള ട്രാൻസ്ഫറുകൾക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അറിയുന്നതിനു FORACC എന്ന് ടൈപ്പ് ചെയ്ത് മുൻസൂചിപ്പിച്ച നമ്പറിൽ അയച്ച് ആവശ്യപ്പെടാവുന്നതാണ്.*]

ഈ പ്രതിസന്ധിയുടെ മദ്ധ്യേ ചില സ്വയ നിയന്ത്രണങ്ങൾ വരുത്തേണ്ടത് ഏറ്റവും ആവശ്യമെന്ന് കരുതുന്നു. അത്യാവശ്യ കാര്യങ്ങൾ നിർവഹിക്കുന്നതിനു പണം ലഭ്യമാകുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദേശിക്കുന്നു.

1. ബഹുമാനപ്പെട്ട പട്ടക്കാർക്ക് അടിസ്ഥാന ശമ്പളം പി.എഫ് ഒഴികെയുള്ളത് മുഴുവനും നല്കേണ്ടതും, എന്നാൽ Family Allowance ന്റെ 25 ശതമാനം (25%) തുടർച്ചയായി വരുന്ന അഞ്ച് മാസത്തേക്ക് താൽകാലികമായി മരവിപ്പിക്കാവുന്നതുമാണ്. എന്നാൽ സാമ്പത്തിക ഭദ്രത മടങ്ങി വരുമ്പോൾ ആ തുക തിരികെ നൽകുന്നതുമായിരിക്കും.
2. Family Allowance-നു അർഹത ഇല്ലാത്ത പട്ടക്കാർ അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ- 20,000 രൂപാ വരെ അടിസ്ഥാന ശമ്പളമുള്ളവർ 15 ശതമാനവും (15%), 20,000 രൂപയിൽ അധികം ഉള്ളവർ 20 ശതമാനവും (20%) - വരുന്ന അഞ്ച് മാസത്തേക്ക് താൽകാലികമായി മരവിപ്പിക്കുക എന്നത് ഒരു നിർദേശമാണ്.
3. Lock-down കാലഘട്ടത്തിൽ യാത്രകൾ അസാധ്യമായിരുന്നതിനാൽ പട്ടക്കാരുടെ Travelling Allowance നല്കേണ്ടതില്ല.
4. മെത്രാപ്പോലീത്തായുടെ കല്പന പ്രകാരം അനുവദിച്ചിരിക്കുന്ന അലവൻസുകൾ കൂടാതെ പ്രത്യേക താല്പര്യപ്രകാരം കമ്മറ്റികൾ ഭദ്രാസന ബിഷപ്പിന്റെ അനുവാദത്തോടെയോ അനുവാദം കൂടാതെയോ ഏർപ്പെടുത്തിയിരിക്കുന്ന വിശേഷാൽ അലവൻസുകൾ lock-down കാലഘട്ടത്തിൽ അനുവദനീയമല്ല എന്നത് അറിയിക്കുന്നു.
5. ഈ വിധത്തിൽ സഭയുടെ (ഗവൺമെന്റ് ഇതര) സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും സഹകരിച്ചാൽ അത്യുത്തമമാണ്. ഗവൺമെന്റ് ശമ്പളം വാങ്ങുന്ന അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും സർക്കാരിന്റെ നിർദ്ദേശപ്രകാരം ശമ്പളത്തിൽ കുറവ് വരുന്നത് കൊണ്ട് ഇത് ബാധകമല്ല.
6. മാസവരി, സംഭാവനകൾ ആദിയായവ ഓൺലൈൻ വഴി ഇടവകകളുടേയും സഭയുടേയും അതാത് സ്ഥാപനങ്ങളുടേയും അക്കൗണ്ടുകളിലേക്ക് അയച്ചു കൊടുക്കുന്നത് അഭികാമ്യമാണ്.
7. അരമന ചെലവിന്റെ 25 ശതമാനം (25%) തുക, വരുന്ന അഞ്ച് മാസത്തേക്ക് താൽകാലി കമായി മരവിപ്പിക്കുക.
8. അരമന സ്റ്റാഫ്, സഭാ-ഭദ്രാസന ഓഫീസുകൾ, ഇതര സഭാ-സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 12,000 രൂപക്ക് മുകളിൽ ശമ്പളം വാങ്ങുന്നവരുടെ 10 ശതമാനം (10%) തുക, വരുന്ന അഞ്ച് മാസക്കാലം താൽകാലികമായി മരവിപ്പിക്കാവുന്നതാണ്. എന്നാൽ 12,000 രൂപയ്ക്ക് താഴെ ശമ്പളം വാങ്ങുന്നവർക്കും, ദിവസ വേതനക്കാർക്കും, സഭാ പെൻഷൻ വാങ്ങുന്നവർക്കും ഈ നിർദേശം ബാധകമല്ല.

ഇപ്രകാരം മരവിപ്പിക്കുന്ന മുഴുവൻ തുകകളും lock-down മാറി അതാത് സ്ഥാപനങ്ങൾക്ക് സാമ്പത്തിക ഭദ്രത കൈവരുമ്പോൾ മടക്കി ജീവനക്കാർക്ക് നൽകേണ്ടതാണ്. അംഗീകൃത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മേൽപറഞ്ഞ അനുപാതത്തിലോ ഈ അനുപാതത്തിൽ കവിയാത്ത അനുപാതത്തിലോ കമ്മറ്റിയുടെ തീരുമാനപ്രകാരം ഒരു സ്വയ നിയന്ത്രണം വരുത്തുന്നത് ആഗ്രഹിക്കത്തക്കതത്രെ.

1960-കളുടെ ആരംഭത്തിൽ മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിൽ ഒന്ന് രണ്ടു വർഷം ഈ നടപടി നിലവിലിരുന്നതാണ് എന്നത് നാം അനുസ്മരിപ്പിക്കുന്നു. ആ കാലഘട്ടത്തിൽ ഞാൻ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിൽ സഞ്ചാര സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു.

സഭാ, ഭദ്രാസന, ഇടവക ട്രസ്റ്റിമാരും സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിലെ ട്രഷറർമാരും പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി ബഡ്ജറ്റ് തയ്യാറാക്കുകയും ധനാഗമന മാർഗ്ഗങ്ങൾ സൃഷ്ടിപരമായി ക്രമീകരിക്കേണ്ടതുമാണ്.

ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച ഇളവുകളിൽ ക്രിസ്തീയ വിവാഹ ശുശ്രൂഷകളിലും ശവസംസ്ക്കാര ശുശ്രൂഷകളിലും പരമാവധി 20 പേർക്ക് (കാർമ്മികൻ ഉൾപ്പെടെ) പങ്കെടുക്കാൻ അനുവാദം ഉണ്ട് എന്ന് അറിയിക്കുന്നു. lock-down കാലഘട്ടത്തിൽ വിവാഹം വിളിച്ചുചൊല്ലുന്നതിനു സാധ്യമല്ലാത്തതിനാൽ ഈമെയിൽ മുഖേന കൈസ്ഥാന സമിതി അംഗങ്ങളെ അറിയിക്കേണ്ടതും അവർ പ്രാർഥനായോഗ അംഗങ്ങളെ വിളിച്ചുചൊല്ല് വിവരം അറിയിക്കേണ്ടതുമാണ്. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ അത് സാധ്യമാകാതെ വന്നാൽ ലൈസൻസ് എടുത്ത് വിവാഹം നടത്തേണ്ടതാണ്. മറ്റുള്ള പരിപാടികളെല്ലാം lock-down കഴിയുന്നതുവരെ മാറ്റി വയ്ക്കുന്നത് ഉചിതമായിരിക്കും.

പ്രിയരെ, ഈ മഹാമാരി നിമിത്തം ലോകമെമ്പാടും ദുരിതമനുഭവിക്കുന്നവരുടെ വേദനയിൽ പങ്കുകാരാകുന്നതിനും അതത് ഇടങ്ങളിൽ ക്രിസ്തു സ്നേഹത്തിൽ നമ്മളാലാവോളം പ്രവർത്തന നിരതരാകുന്നതിനും ദൈവം തമ്പുരാൻ നമ്മെ ശക്തീകരിക്കട്ടെ

നമ്മുടെ കർത്താവിന്റെ കൃപ നാം എവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നു 2020 ഏപ്രിൽ മാസം 27–ാം തീയതി

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**NB:** ഈ കല്പനയുടെ പൂർണ്ണവിവരം ഇടവക വികാരിമാർ ദേശത്തു പട്ടക്കാരെയും, കൈസ്ഥാന സമിതി അംഗങ്ങൾ, മണ്ഡലം അസംബ്ലി അംഗങ്ങൾ എന്നിവരെയും ബോധ്യപ്പെടുത്തേണ്ടതാണ്. ഈ കല്പനയുടെ കോപ്പി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

Circular No.366

Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority

Beloved in Christ,

We have to review the following matters regarding the financial situation of our parishes, organizations and recognized institutions in the context of the indefinite crisis created by the pandemic Covid-19.

1. We encountered interruption of worship services in the months of March and April 2020 as a result of the lock-down declared in the context of Covid-19 and the prohibitory orders (144) promulgated by the governments. Income received through all the sacraments including Matins Service, Holy Communion, Baptism and Marriage stopped. Moreover, there was hindrance to collect monthly subscriptions and *Pidiyari*, and other collections. A few important offertories and collections could not be done at all. Special collections set apart like Palm Sunday Offertory for the Mar Thoma Vaideeka Seminary, Self-denial (*Uposhana Vaaram*) - Collection for the outside Kerala Mission of the Mar Thoma Evangelistic Association, Good Friday Offertory for the Mandirams, and Rasseesa could not be received. Since we are unable to hold those special services again as Easter is over and the lock-down conditions continue, we have to consider the financial situation that emerged as a result.
2. The case of people staying back home due to the lock-down and each family not earning income resulted in their inability to pay the pledged amounts like monthly subscriptions and difficulty in making such payments at the parish offices, such a situation created an adverse impact on the revenue of the parishes.
3. Being non-operational during the months of March and April, the commercial shops leased out by the Church and parishes may not be able to collect the rent for this period due to a government order to that effect. This order is likely to stay until the lock-down period is over.
4. The common folk who lost labor opportunities and thereby income, face severe difficulty to run the affairs of the family.
5. There are looming apprehensions about a possible delay or loss of salary since the government and educational institutions became non-functional. Our households have become incomeless families. In this situation, it is imperative to regulate expenditure of parishes and Church institutions. The following propositions are recommended in this context.

i. Stop all development projects during the lock-down period except payment of salaries of clergy and parish employees.
ii. Freeze projects temporarily.
iii. Stop construction projects for the time being.
iv. Pledge to strictly abide by the instructions of the government during the lock-down period.
v. This financial crisis is likely to put breaks on the home and parish budgets in the ensuing months. Even in cases of emergencies, be vigilant not to interchange and spend money from other budgeted heads.
vi. Endowments and Fixed Deposits set apart for specific purposes should not be liquidated without constitutionally approved decisions.
vii. From the parish funds available up to March 31, 2020, priority must be given to remit the amounts due to the Church and organizations for that period. That means, remittance be made to the Sabha Office and Diocesan Offices those budgeted amounts such as offertories, Raceesa, and NityaChelavu set apart for organizations and Church.
viii. Since there is difficulty in sending money, payments to Sabha Office, Diocese, and Organizations can be made through online transactions. [The parishes or institutions in India can get details of the Church bank account by writing to the Sabha Secretary either by an email to accountsdept@marthoma.in or typing INDACC to Sabha Secretary's official WhatsApp number +919497886080. The bank details for foreign remittances can be received by typing FORACC to the above number or send an email to accountsdept@marthoma.in]

There is a dire need to impose some self-restrictions amidst the present crisis. Here are some suggestions to avail funds to do essential items.

1. The revered Clergy must be given full basic salary excluding P.F., but 25 percent (25%) of Family Allowance could temporarily be frozen for a consecutive period of five months. Yet that amount will be disbursed when financial stability returns.

2. It is a suggestion that for Clergy who are not eligible for Family Allowance, 15% of basic salary of those who draw up to Rs. 20,000 and 20% of basic salary of those who get more than Rs. 20,000 could temporarily be frozen for the next five months.
3. Travelling Allowance should not be granted during the lock-down period since travel was not possible.
4. It is instructed that special allowances if any, apart from those permitted by the Metropolitan's Circular, instituted by committees with particular intention, with or without the permission of the Diocesan bishop, are not allowed during the lock-down period.
5. In the same token, it would be worthwhile if those who serve in Church institutions (non-government) also cooperate. This is not applicable for teachers and other employees who receives government salaries, since they come under the provisions of government-proposed salary cut.

6. It is desirable that monthly subscriptions and contributions towards the parishes, Church, and institutions could be remitted online to respective bank accounts.
7. Temporarily freeze 25 percent (25%) of Aramana expenses for the next five months.
8. 15 percent (15%) of the salary of those employees and staff of Aramana, Sabha-Diocesan Offices, and other Church institutions who receives salaries above Rupees 12,000 can temporarily be frozen for the next five months. But this restriction do not apply for those who draw less than Rupees 12,000 as salary and who serve on daily wages.

All the amount thus frozen must be returned to the employees once the institutions become financially stable after the lock-down period ends. It is desirous to bring a practice of self-restraint for spending in the aforesaid proportions or proportions not exceeding the above, for the employees of recognized institutions with the approval of respective committees.

It occurs to my memory that in the early 1960s there existed this procedure in the Mar Thoma Evangelistic Association for one or two years. During that period I served as Travelling Secretary of the Association.

The Trustees and Treasurers of the Church, Diocese and Organizations must prepare the budgets incorporating the proposed changes and creatively organize income generation.

It is instructed that there is permission for a maximum of 20 people (including the celebrant) to participate in Christian Marriages and Burial services in accordance with the relaxations declared by the Chief Minister recently. Since Banns Announcement for Marriage cannot be done during the lock-down period, Kaisthana Samithi members can be intimated through email and they in turn inform the members of the prayer groups about the Banns Announcement. In case this could not be done within the stipulated period, Marriage can be solemnized after obtaining License permission. It will only be appropriate to postpone all other programmes.

Beloved, may the Lord God empower us to partake in the pain of those who experience misery across the globe due to the pandemic and in the love of Christ let us be proactive as far as possible in our respective places.

Grace be with you all.

Dated 27th of April 2020 from the Poolatheen, Thiruvalla,

**Dr. Joseph Mar Thoma Metropolitan**